വിദ്യാലയത്തിന്റെ പേര് : ജി എച്ച് എസ് എസ് ആഴ്ചവട്ടം

ഫോൺ നമ്പർ :04952332620(HS)04952332026(HSS)

ഇ മെയിൽ അഡ്രെസ്സ് :ghssazchavattom@gmail.com (HS)

10097ghssavtm@gmail.com(HSS)

ക്ലാസ് : ആരംഭം :5 അവസാനം :12

സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര് :പൊതുവിദ്യാഭ്യാസം (ജനറൽ )

വിദ്യാഭ്യാസ ജില്ല :കോഴിക്കോട്

വിദ്യാഭ്യാസ ഉപജില്ല :കോഴിക്കോട് സിറ്റി

സ്കൂൾ സ്ഥാപിച്ച വർഷം :1917

അസംബ്ലി നിയോജക മണ്ഡലം :കോഴിക്കോട് സൗത്ത്

പാർലമെന്റ് നിയോജക മണ്ഡലം :കോഴിക്കോട്

താലൂക്ക് :കോഴിക്കോട്

കോർപറേഷൻ :കോഴിക്കോട്

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാപന രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ പൊതു വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രമാക്കുന്നത് വേണ്ടി സമഗ്രമായ പദ്ധതി ആസൂത്രണം ചെയ്യുക എന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഒന്നുമുതൽ 12 വരെ ക്ലാസുകളിൽ വിവിധ വിഷയങ്ങൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാര നിർദേശങ്ങളും അതിനാവശ്യമായ പ്രവർത്തനങ്ങളും കണ്ടെത്തിയിട്ടുണ്ട്

ചെറിയ ക്ലാസുകളിൽ നേടേണ്ട നൈപുണികൾ കുട്ടികൾ ആർജ്ജിചീട്ടില്ല എന്നുള്ളതാണ് പ്രധാനമായും കണ്ടെത്തിയിട്ടുള്ളത് കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികളാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത് .കുട്ടിയുടെ മൂല്യങ്ങളിലും മനോഭാവങ്ങളിലും ഉണ്ടാകുന്ന മാറ്റം വിവിധ ഭാഷകൾ അനായാസം

ആശയവിനിമയത്തിന് ഉപയോഗിക്കാൻ കഴിയും വിധം കുട്ടിയിൽ ഉണ്ടാകുന്ന ആത്മവിശ്വാസം എന്നിവ ലക്ഷ്യമാക്കി കൊണ്ടാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്

## സ്കൂൾ ചരിത്രം

## സ്ഥലനാമ ചരിത്രം

ആഴ്ചവട്ടം:ചരിത്രപ്രസിദ്ധമായ കോഴിക്കോട് നഗരത്തിന്റെ ഇത്തിരിവട്ടത്ത് സാഗരവും കറുത്ത പൊന്നും തടി വ്യവസായവും സൃഷ്ടിച്ചെടുത്ത പുരാതന നഗരത്തിന്റെ ഉടമയായിരുന്ന സാമൂതിരി മന്നന്റെ ആസ്ഥാനമായിരുന്ന മാങ്കാവ് കോവിലകത്തിനരികയാണ് ആഴ്ചവട്ടം .എല്ലാ സ്ഥലനാമങ്ങൾക്കും പിന്നിലൊരു ഐതിഹ്യം ഉണ്ടാകും, ആഴ്ചവട്ടത്തിനുമുണ്ട് സ്ഥലനാമകഥ "അരചവട്ടം" രാജാവിന്റെ ചുറ്റുവട്ടത്തുനിന്ന് എന്നോ രാജാവ് ആഴ്ചയിലൊരിക്കൽ നാട്ടുകാര്യമറിയാൻ എഴുന്നള്ളുന്ന സ്ഥലം എന്നുള്ളതോ ആണ് അതിലൊന്ന്.തിരുമാന്ധാംകുന്നിൽ നിന്നെത്തിയ വള ഒരാഴ്ച്ച കറങ്ങിയ ഇടം എന്നതാണ് മറ്റൊന്ന്. തൊട്ടടുത്ത ഐതിഹ്യങ്ങളുടെ കലവറയാണ് വളയനാട്

## വിദ്യാലയ ശില്പി

ആഴ്ചവട്ടം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ചരിത്രം ആരംഭിക്കുന്നത് ഇരുപതാം നൂറ്റാണ്ടിന് തുടക്കത്തിൽ സജീവമായി തുടങ്ങിയ പുരോഗമന ചിന്താധാരകളിൽ നിന്ന്. 1917 ,കേരളം ഭ്രാന്താലയം എന്ന് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ചിട്ടു കുറച്ചു വർഷമേ ആയിക്കാണൂ .കുമാരനാശാൻ ചണ്ഡാലഭിക്ഷുകിയും ദുരവസ്ഥയും എഴുതുന്നതിന് മുമ്പ് മാങ്കാവ് കോവിലകത്ത് അസാമാന്യനും ഉൽപ്പതിഷ്ണവുമായ ഒരു മഹാമനീഷി ഉണ്ടായിരുന്നു, ചെറിയനുജൻ തമ്പുരാൻ അദ്ദേഹമാണ് ഈ സരസ്വതി ക്ഷേത്രത്തിന്റെ സ്ഥാപകൻ. അക്കാലത്ത് അപൂർവമായിരുന്ന സൈക്കിളിൽ സഞ്ചരിച്ചു താഴ്ന്ന ജാതിക്കാരിൽ നിന്നും വെള്ളം വാങ്ങിക്കുടിച്ച വിപ്ലവകാരി അദ്ദേഹത്തിനെ സ്കൂൾ തമ്പുരാൻ എന്നും വെള്ളംകുടി തമ്പുരാൻ എന്നും ആളുകൾ വിളിച്ചിരുന്നു അദ്ദേഹം രചിച്ച ഒരു സംസ്കൃത കാവ്യം പിന്നീട് കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മഹാകവി വള്ളത്തോളും കേരളവർമ്മയും അന്ന് കോവിലകത്ത് നിത്യ സന്ദർശകരായിരുന്നു മലയാളത്തിന്റെ കീറ്റസ് എന്നറിയപ്പെടുന്ന മഹാകവി വി സി ബാലകൃഷ്ണപണിക്കർ ഈ കോവിലകത്ത് താമസിച്ചാണ് പഠിച്ചിരുന്നത് മലയാളത്തിന്റെ ആദ്യ നോവലിസ്റ്റ് ആയ അപ്പൂ നെടുങ്ങാടിയുടെ അച്ഛന്റെ മരുമകനായിരുന്നു ചെറിയനുജൻ തമ്പുരാൻ.

## വിദ്യാലയ ആരംഭം

അസ്വാതന്ത്ര്യത്തിനെതിരെ മനുഷ്യന് ഉണർന്നു തുടങ്ങിയ സമയം അക്ഷരമറിയാൻ മണ്ണിന്റെ മക്കൾ ആഗ്രഹിച്ചു തുടങ്ങിയ കാലത്തിന്റെ

ദശാസന്ധിയിൽ സമൂഹം ഒരു ചരിത്രചരിത്രപുരുഷനെ സൃഷ്ടിച്ചെടുക്കുകയായിരുന്നു.

1917 ൽ സാമൂതിരി കോവിലകം വക തിരുമംഗലത്ത് തൊടിയിൽ എഴുത്തു പള്ളിക്കൂടം,കോഴിക്കോട് മുനിസിപ്പാലിറ്റി ഏറ്റെടുത്ത് മാങ്കാവ് മുൻസിപ്പൽ എലമെണ്ടറി സ്ക്കൂളാക്കി മാറ്റി കോവിലകത്തെ ചെറിയനുജൻ തമ്പുരാൻ ആയിരുന്നു ഇന്ന് മഹാ വടവൃക്ഷമായി പന്തലിച്ചു നിൽക്കുന്ന ഈ സ്ഥാപനത്തിന്റെ വിത്ത് പാകിയത് .തുടക്കത്തിൽ അഞ്ചാംതരം ആയിരുന്നെങ്കിലും താമസിയാതെ 6 ,7 ക്ലാസുകൾ തുടങ്ങി. പക്ഷേ കുട്ടികളുടെ കുറവുകാരണം 1931ൽ അവ നിർത്തി. അഞ്ചുവർഷം കഴിഞ്ഞ് വീണ്ടും ആറാം ക്ലാസ് ആരംഭിച്ചു ഓരോ ക്ലാസിലും 25 മുതൽ 30 വിദ്യാർത്ഥികൾ മൊത്തം കുട്ടികൾ 200. 1930കളിൽ തന്നെ ഹരിജൻ വിഭാഗത്തിൽപ്പെട്ട എല്ലാ കുട്ടികളും ഈ സ്കൂളിൽ പഠിച്ചിരുന്നു .ആദ്യ കാല ഓലമേഞ്ഞ കെട്ടിടം മാറ്റി 1957 ൽ ഇപ്പോൾ 'എ' ബ്ലോക്ക് എന്ന ഓഫീസ് കെട്ടിടം പണിതു. ആദ്യകാല ജനപ്രതിനിധികളിൽ പ്രമുഖനായിരുന്ന കെ.മാധവമേനോൻ ആഴ്ച്ചവട്ടം സ്കൂളിനെ ഹൈസ്കൂൾ ആക്കി മാറ്റാൻ നിസ്ഥൂല പങ്കുവഹിച്ചു.കരണ്ട് ഇല്ലാതിരുന്നിട്ടും സ്വന്തം സ്കൂളിന് 16mm പ്രൊജക്ടർ പൂർവ്വ വിദ്യാർത്ഥിയായിരുന്ന കുഞ്ഞുണ്ണി പണിക്കർ സർക്കാരിൽ നിന്ന് പാസാക്കി എടുത്തു.1962ൽ തന്നെ സ്കൂളിനെ ഹൈസ്കൂൾ ആക്കി അപ്ഗ്രേഡ് ചെയ്തെങ്കിലും സർക്കാർ രേഖയിൽ മാങ്കാവ് സ്കൂൾ എന്നത് കിണാശ്ശേരി സ്കൂൾ ആയിരുന്നു, എന്നാലും നാട്ടുകാരുടെ ആഗ്രഹം സാധിച്ചുകൊണ്ട് 1968 ൽ ഹൈസ്കൂൾ ആക്കി ഉയർത്തപ്പെട്ടു 1970 മുതലാണ് നമ്മുടെ എൽപി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് ഔദ്യോഗികമായി വേർപെടുത്തിയത്. 2004ലാണ് ഹയർസെക്കൻഡറി വിഭാഗം ആരംഭിച്ചത് സയൻസ്,കൊമേഴ്സ് എന്നിവയായിരുന്നു ആദ്യത്തെ ബാച്ചുകൾ പിന്നീട് 2011ൽ ഹ്യൂമാനിറ്റീസ് വിഭാഗം കൂടി ആരംഭിച്ചു.

## അക്കാദമിക നേട്ടങ്ങൾ

എസ് എസ് എൽ സി പരീക്ഷയിൽ ഫുൾ A+ ഉൾപ്പെടെ നേടി വിജയം വരിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു .പരീക്ഷ എഴുതുന്ന ഏകദേശം മുഴുവൻ കുട്ടികളെയും വിജയിപ്പിക്കാൻ കഴിയുന്നുണ്ട് .USS ,NMMS എന്നീ പരീക്ഷകളിൽ കുട്ടികളെ നിരന്തര പരിശീലനത്തോടെ വിജയത്തിലെത്തിക്കാൻ കഴിഞ്ഞു .ഓരോ വർഷവും USS ,NMMS സ്കോളർഷിപ്പുകൾ ലഭിക്കുന്നുണ്ട്. YIP ,INSPIRE AWARD എന്നിവയിലും കുട്ടികളുടെ പങ്കാളിത്തമുണ്ട് .കലാകായിക മേളകളിൽ ജില്ലാ -സംസ്ഥാന തലങ്ങളിൽ ചമ്പ്യാന്മാരാകാൻ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട് .NSS ,JRC,LITTLE KITES തുടങ്ങിയ വിത്യസ്ഥ സംഘടനകളിലൂടെ കുട്ടികളിൽ സേവന മനോഭാവം വളർത്താൻ കഴിയുന്നുണ്ട് .

## അക്കാദമികം -പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നുണ്ടെങ്കിലും ,കുട്ടികൾ നേരിടുന്ന എഴുത്ത് ,എഴുത്ത് വായനയിലെ പ്രതിസന്ധി പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ലാംഗ്വേജ് ലാബിന്റെ അഭാവം കുട്ടികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട് ഗ്രന്ഥശാല വിപുലീകരിക്കേണ്ടതാണ് ,സയൻസ് ലാബ് കുറച്ച് കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട് മികച്ച ഗണിത ലാബ് ഇല്ലാത്തത് ഒരു പരിമിതിയുണ്ട്. IT ലാബിലും കാലാനുസൃത മാറ്റം വരുത്തി പുതിയ കമ്പ്യൂട്ടർ കൊണ്ടുവരേണ്ടതുണ്ട്,എല്ലാ ക്ലാസ് റൂമുകളിലും പ്രൊജക്ടർ സംവിധാനം ഇല്ലാത്തത് പ്രതിസന്ധി സൃഷ്ടിക്കുന്നു.

## ഭൗതികം നേട്ടങ്ങൾ

മൂന്നു നിലകളുള്ള പുതിയ രണ്ട് കെട്ടിടം ഉൾപ്പെടെ ഹൈസ്കൂൾ ഹയർസെക്കൻഡറി വിഭാഗങ്ങൾക്ക് ലഭ്യമായിട്ടുണ്ട് കെട്ടിടങ്ങളുടെയും ക്ലാസ് റൂമുകളുടെയും സൗകര്യം ഏറെക്കുറെയുണ്ട് ക്രിയേറ്റീവ് ലാബ് മനോഹരമായി സജ്ജീകരിച്ചിട്ടുണ്ട് പുതിയ അടുക്കളയും ഭക്ഷണശാലയും പ്രവർത്തനക്ഷമമമായിട്ടുണ്ട്.

## ഭൗതികം പരിമിതികൾ

കളിസ്ഥലമില്ല എന്നുള്ളതാണ് ഏറ്റവും വലിയ പരിമിതി ആവിശ്യനുസരണം വേണ്ട ശുചിമുറികളുടെ അഭാവം ഉണ്ട് .കുടിവെള്ളം ശുദ്ധീകരിച്ചു നൽകാനുള്ള കൂളറുകൾ അവശ്വസനുസരണം സ്ഥാപിക്കണം പൊതുപരിപാടികൾ നടത്താൻ ആവശ്യമായ കോൺഫറൻസ് ഹാൾ വിസിറ്റേഴ്സ് ഹാൾ എന്നിവ സ്കൂളിൽ ഇല്ല .കായികക്ഷമത വർധിപ്പിക്കാനുള്ള ജിംനേഷ്യമുൾപ്പെടെയുള്ള പൊതു സംവിധാനങ്ങൾ ഇല്ല സ്പോർട്സ് റൂം നിലവിൽ ഇല്ലാത്തതും ഡിജിറ്റൽ ലൈബ്രറി ഇല്ലാത്തതും പരിമിതിയാണ്

## സാമൂഹികം നേട്ടങ്ങൾ

സ്കൂളിലെ വിവിധ സംഘടനകളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനം സമൂഹവുമായി ബന്ധം ഊട്ടിയുറപ്പിക്കുന്നതിന് സഹായകമാണ് .ഓണാഘോഷം, കലോത്സവം, സ്പോർട്സ് മീറ്റ്, വിവിധ മേളകൾ,വാർഷികാഘോഷം,അക്കാദമിക പ്രവർത്തനങ്ങൾ,ക്യാമ്പുകൾ, മികവുത്സവം തുടങ്ങിയവയെല്ലാം സാമൂഹിക പങ്കാളിത്തത്തോടെ ഫലപ്രദമായി നടത്താൻ കഴിയുന്നുണ്ട് കുട്ടികൾക്കുള്ള പഠന സഹായങ്ങൾ പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഉച്ചഭക്ഷണം, തുടങ്ങിയവയെല്ലാം സാമൂഹിക പിന്തുണ ലഭ്യമാക്കുന്നുണ്ട് പിടിഎ യുടെയും എസ്എംസിയുടെയും പിന്തുണ പ്രത്യേകം പരാമർശിക്കുന്നു.

## സാമൂഹികം പരിമിതികൾ

പഠന പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം നഷ്ടപ്പെടുന്നത് കൊണ്ടും സാമൂഹ്യമായ മറ്റ് പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പ്രയാസം നേരിടുന്നുണ്ട്.

## മികവാർന്ന അക്കാദമിക പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1.ഭാഷാശേഷി വികസനം

2.ഇംഗ്ലീഷ് പഠനം അനായാസമാക്കൽ

3.ലൈബ്രറി ശാക്തീകരണം

4. ഗണിത ശേഷി വികസനം

5.ശാസ്ത്രപരിപോഷണം

6.ലബോറട്ടറി നവീകരണം

7.സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

8.പഠനയാത്രകൾ

9.സാഹിത്യ ശില്പശാലകൾ

10.മെഡിക്കൽ ക്യാമ്പുകൾ

11.കായിക ശേഷി വികസനം

12.ചിത്രരചന ക്യാമ്പ്

13.ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ.

**Subject: English**

| Objectives | Process | Duration | Responsibility | Financial resources |
|---|---|---|---|---|
| Provide opportunities to listen English and to respond | **Follow me":** Practice to react in accordance with the instruction given by the teacher | Academic year | English teachers | SSG |
| | **Sing and Act:** Listen the song having action indicating positions, On,In, Under,In front of etc<br>Sing along with it and show action . | June | English teachers | SSG |
| | "**Listen and draw":** Listen to the audio and draw pictures as instructed in it | July | English teachers | SSG |
| | **Story time:** Plays the audios of simple stories and poems.<br>Retelling the stories.<br>Listing the words they got from the story | June to August | English Teachers | SSG |
| | **Echo**<br><br>Listen to the phonems<br>Giving chance to listen the correct pronunciation of phonemes and | August | English Teachers | SSG |

| | | | | |
|---|---|---|---|---|
| | say along with it.<br><br>**Meet a person:**<br><br>Invite a guest to give the opportunity to interact with him.<br><br>**Who am I?**<br>Different things are kept in boxes. Children can select lots with names of objects.Clues are given,others can find out things. | August | Teachers | PTA |

| | | | | | |
|---|---|---|---|---|---|
| Enables children to read English correctly | “**I too can**” Provides reading cards and sentences. Let them read and gives grades. | Academic year | English Teachers | SSG | |
| | **Reader of the day**<br><br>Give opportunity for reading paragraphs of the chapters Children will able to read text book with out mistakes<br><br>Readers Theatre: “**Curtain Raiser** “ | September | English Teachers | SRG | |

| | | | | | |
|---|---|---|---|---|---|
| | Different stories are given as Readers theatre and radio drama that give chances the ability of reading | | | | |
| Enable them to write correctly | **Petals**<br>Making class magazines and dictionary | October | English Teachers | SSG | |
| | **Alert zone**<br><br>Making posters Signboards and notices<br><br>**Picture Story**<br><br>Write story by observing pictures | November<br><br>January -February | English Teachers | SSG | |
| മലയാളം | | | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് വായന പകർത്തിയെഴുത്ത് കേട്ടെഴുത്ത് അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | ജ്ജൂൺ മുതൽ ഫെബ്രുവരി | ഭാഷാ അധ്യാപകർ | എസ് ആർ ജി എസ് എസ് ജി | |
| കുട്ടിയുടെ വായനശേഷി | ക്ലാസ് ലൈബ്രറി | ജ്ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ | പി ടി എ എസ് ആർ ജി | |

| | | | | | |
|---|---|---|---|---|---|
| യും എഴുതാനുള്ള കഴിവും വികസിപ്പിക്കൽ | ഉപയോഗപ്പെടുത്താൻ വായനക്കൂട്ടം രൂപീകരിക്കൽ പത്രവായന പത്രവാർത്ത എഴുതൽ ദിനാചരണങ്ങൾ ഡയറി എഴുത്ത് വായനക്കുറിപ്പ് തയ്യാറാക്കൽ സാഹിത്യ മത്സരങ്ങൾ | | ഭാഷാ അധ്യാപകർ ലൈബ്രേറിയൻ | | |
| സർഗ്ഗശേഷികൾ കണ്ടെത്തലും വികസിപ്പിക്കലും വിവിധ മാധ്യമങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് അവസരം ഒരുക്കുക | കഥ ,കവിത ക്യാമ്പ് വിവിധ മത്സരങ്ങൾ പത്ര ക്വിസ് കയ്യെഴുത്ത് മാസിക നാടക കളരി നാടൻപാട്ട് കലാരൂപങ്ങൾ പരിചയപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് | ഭാഷാ അധ്യാപകർ ആർട്ട് വർക്ക് എക്സ്പീരിയൻസ് അധ്യാപകർ | പിടിഎ എസ് എസ് ജി | |
| സോഷ്യൽ സയൻസ് | | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | |
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | മുന്നറിയിലൂടെ സാമൂഹ്യശാസ്ത്ര പ്പവർത്തനവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിനായി പ്രവർത്തനങ്ങൾ<br><br>ഓരോ പഠിതാവിനും | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | എസ് എസ് ജി<br><br>എസ് എസ് ജി | |

| | | | | | |
|---|---|---|---|---|---|
| 2<br>ജനാധിപത്യ രീതികൾ മനസ്സിലാക്കുന്നതിന് | നൽകുന്നു<br>ഓർമ്മയിൽ നിന്ന് അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതികൾ തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഓർമ്മ പരിശോധന നടത്തുന്നു<br><br>വോട്ടിങ്ങിലൂടെ:<br><br>സാമൂഹ്യശാസ്ത്ര ക്ലബ്ബിൻറെ നേതൃത്വത്തിൽ സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ് സമ്മേളനം<br><br>നാട്ടറിവിലൂടെ<br><br>സ്വന്തം ദേശത്തെക്കുറിച്ച് മനസ്സിലാക്കാൻ ചരിത്ര പ്രദർശന ക്യാമ്പ് ചിത്രപ്രദർശനം<br><br>പ്രാദേശിക വിവരങ്ങളിലൂടെ<br><br>പഠന പ്രവർത്തനങ്ങ | ജൂൺ<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര ക്ലബ്ബ് സന്നദ്ധ സംഘടനകൾ<br><br>സാമൂഹ്യശാസ്ത്ര ക്ലബ് അധ്യാപകർ പിടിഎ എം പി ടി എ അംഗങ്ങൾ | എസ് എസ് ജി<br><br>പി ടി എ<br><br>പി ടി എ | |

| | | | | | |
|---|---|---|---|---|---|
| | ളുടെ ഭാഗമായി കുട്ടികൾ വിഭവ ശേഖരണം നടത്തുന്നു | | | | |
| 3 പ്രാദേശിക വിഭവങ്ങൾ കണ്ടെത്തുക ഭൂപട നിർമ്മാണത്തിന് കുട്ടികളെ പ്രാപ്തരാക്കുക | സർവ്വേ ,ഭൂപട നിർമ്മാണം, മാപ്പിംഗ് പരിചയപ്പെടുത്താൻ അറ്റ്ലസ് പരിശീലനം നൽകൽ | അക്കാദമിക വർഷം | | | |
| | നിർമ്മാണ കളരി പഠനോപകരണ ശില്പശാല സംഘടിപ്പിച്ച പഠനോപകരണങ്ങൾ നിർമ്മിക്കുന്നു | | | | |
| 4 പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ പഠനോപകരണങ്ങൾ നിർമ്മിക്കൽ | സഞ്ചാരം: ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികൾ ചരിത്രബോധം ഉളവാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് അധ്യാപകരും | എസ് ആർ ജി എസ് എസ് ജി | |
| 5 പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | എസ് ആർ ജി | |

[illegible]

| മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ദിനാചരണങ്ങൾ | പ്രധാനദിവസത്തിന്റെ പ്രാധാന്യം മനസിലാക്കൽ മൂല്യ ധിഷ്ഠിത വിദ്യാഭ്യാസം പൗരബോധം വളർത്തൽ കൂട്ടായ പ്രവർത്തനം | *പരിസ്ഥിതി *ലഹരി വിരുദ്ധം *ഹിരോഷിമ * ഓസോൺ ദിനം *അൽഷിമർ ദിനം * പ്രമേഹദിനം * ജൈവ വൈവിധ്യം * കുഷ്ഠരോഗ വിരുദ്ധ ദിനം | June-March | ശാസ്ത്ര ,ശാമൂഹ്യ ശാസ്ത്രക്ലബ്കൾ , പരിസ്ഥിതി ക്ലബ് | 1000 |
| ഷുഗർ ബോർഡ് | ബോധവത്കരണം | exhibition ബോധവത്കരണം | June - March | സയൻസ് & Health Club | 1000 |
| മഴക്കാല രോഗ വിരുദ്ധ്ധം,ശുചീകരണം | പരിസര /വ്യക്തിശുചിത്വം കൂട്ടായ പ്രവർത്തനം | ബോധവത്കരണം, ഡ്രൈഡേ ആചരണം | June-August | സയൻസ് & Health Club | 1000 |
| പഠനപിന്തുണ സംവിധനം | സിലബസ് ട്രാൻസാക്ഷൻ , മൂല്യനിർണയം ,ഫീഡ് ബാക്ക് പിന്തുണ സംവിധാനം | വിജയോത്സവം ശ്രദ്ധ super 30 | June - March | SRG & PTA | 10,000 |
| ഇന്നോവേഷൻ Idea Fest | ഇനോവേറ്റിവ് തിങ്കിങ്ങിൽ തുടങ്ങി എന്റർപ്രണർഷിപ്പ് വരെയുള്ള ഘട്ടങ്ങളുടെ ആവിഷ്കാരം | Y IP INSPIRE SIM -inovation പ്രവർത്തനങ്ങൾ | July - feb | വിവിധ ക്ലബുകളും PTA യും | 5000 |
| ശാസ്ത്രമേള | ശാസ്ത്ര മനോഭാവം വളർത്ത,പ്രചരിപ്പിക്കൽ,പങ്കാളിത്തം | project Models ' പരീക്ഷണങ്ങ | July - December | ശാസ്ത്ര ക്ലബ് | 10,000 |

| | | | | | |
|---|---|---|---|---|---|
| ഫീൽഡ് ട്രിപ്പ് | ഔട്ട്ഡോർ അനുഭവം | ഫീൽഡ്/റിസർച്ച് സെന്റർ / ബോട്ട്. ഗാർഡൻ മ്യൂസിയം വിസിറ്റുകൾ | June–December | വിവിധ ക്ലബുകൾ ,PTA | 25000 |
| എക്സ്പേർട്ട് കളുടെ ക്ലാസുകൾ/ ശില്പശാല | സിലബസിനപ്പുറത്തെ പഠനാനുഭവം | ക്ലാസ്, ശില്പശാല, മോട്ടിവേഷൻ, പൊതു പരീക്ഷ കോച്ചിങ്ങ് | June - Feb | വിവിധ ക്ലബ് PTA | 10000 |
| മൂല്യനിർണയവും feedback ഉം | സിലബസ് ട്രാൻസാക്ഷൻ , മൂല്യനിർണയം ,ഫീഡ് ബാക്ക് പിന്തുണ സംവിധാനം | Unit tet Teminal exams | June - March | SRG | Exam fund |

| ജി. എച്ച്. എസ്. ആഴ്ചവട്ടം – അക്കാദമിക് മാസ്റ്റർ പ്ലാൻ – മലയാളം – 2025 – 26 | | | | | |
|---|---|---|---|---|---|
| പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| സാക്ഷരം | 8, 9 ക്ലാസുകളിൽ കുട്ടികളുടെ എഴുത്തും വായനയും മെച്ചപ്പെടുത്തൽ | പ്രീടെസ്റ്റ് , അക്ഷരവും ചിഹ്നവും ഉറപ്പിക്കൽ പ്ലക്കാഡ് നിർമ്മാണം , പദസൂര്യൻ, ചിത്രം നോക്കി കഥ എഴുതൽ, അടിക്കുറിപ്പ് തയ്യാറാക്കൽ, സംഭാഷണം തയ്യാറാക്കൽ, പദപ്രശ്നം | ജൂൺ മുതൽ ഫെബ്രുവരി വരെ | മലയാളം സബ്ജക്ട് കൗൺസിൽ | 500 |
| മഴവിൽ വായന | മികച്ച വായനയിലേക്ക് നയിക്കൽ | വായന ക്ലബ് രൂപീകരണം, പത്രവായന, പത്രവായനക്വിസ് , ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന, ലൈബ്രറി ഉപയോഗപ്പെടുത്തൽ | ആഗസ്ത് മുതൽ ജനുവരി വരെ | കുട്ടിക്കൂട്ടം മലയാളം അധ്യാപകർ | 1000 |
| വായനവട്ടം | സർഗാത്മകത വികസിപ്പിക്കൽ. ആസ്വാദനശേഷി കൈവരിക്കൽ. | വായിച്ച പുസ്തകങ്ങൾ വിലയിരുത്തി അവതരിപ്പിക്കൽ, വിവിധ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റൽ (ചിത്രം, ദൃശ്യാവിഷ്കാരം, അഭിനയം), ബിബ്ലിയോഗ്രഫി സമാഹാരം തയ്യാറാക്കൽ. | സെപ്തംബർ മുതൽ ഡിസംബർ വരെ | എസ്, ആർ. ജി | 2000 |

| പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അരങ്ങേറ്റം | രചനാശേഷി വർദ്ധിപ്പിക്കൽ | ശില്പശാലകൾ (കഥ, കവിത, നാടകം, ചിത്രം, ശില്പം), കൈയെഴുത്ത് / ഡിജിറ്റൽ മാഗസീൻ | മെയ് മുതൽ ഡിസംബർ വരെ | എസ്, ആർ. ജി | 10000 |
| അയൽപക്ക വായന | സാമൂഹികബന്ധം ഉണ്ടാക്കിയെടുക്കുക. സാമൂഹ്യബോധം ഉറപ്പ് വരുത്തുക. വായനാ സംസ്കാരം സൃഷ്ടിക്കുക. | വായനക്കൂട്ടം - ക്ലാസ്തല പുസ്തക ചർച്ച, വായനാസർവേ, സാഹിത്യകൃതികളുടെ ശേഖരണം, തരം തിരിക്കൽ, വിതരണം, ആസ്വാദനക്കുറിപ്പ് സംഘടിപ്പിക്കൽ (മുതിർന്നവരുടെ), വിലയിരുത്തൽ, മികച്ചത് തെരഞ്ഞെടുക്കൽ. | സെപ്തംബർ മുതൽ ജനുവരി വരെ | എസ്, ആർ. ജി | 1000 |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025- 26

### ഫിസിക്കൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് ശാസ്ത്ര വിഷയങ്ങളിൽ ഉള്ള താൽപര്യം, കൗതുകം, ജിജ്ഞാസ എന്നിവ പരിപോഷിപ്പിക്കൽ | സയൻസ് ക്ലബ്ബും എനർജി ക്ലബ്ബും രൂപീകരിക്കുന്നു. ഓരോ മാസവും സയൻസുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് ക്ലബ്ബ് , എനർജി ക്ലബ് , അധ്യാപകർ | PTA, കുട്ടികൾ |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. കുട്ടികളിലെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുക | പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങൾ മറ്റു കുട്ടികൾക്കു മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകൽ. ആവശ്യമായ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് മോഡലുകൾ നിർമ്മിക്കുന്നു. മികച്ചവ പൊതുവേദിയിൽ പ്രദർശിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് ക്ലബ്ബ് , എനർജി ക്ലബ് , അധ്യാപകർ | PTA, കുട്ടികൾ |
| പഠന പിന്തുണ നൽകൽ, സഹകരണ മനോഭാവം വളർത്തൽ | പരീക്ഷകളുടെ മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുന്നതിനായി പിയർ ഗ്രൂപ്പിനെ ഉപയോഗപ്പെടുത്തുന്നു.<br><br>വിജയോത്സവം ,<br>ശ്രദ്ധ | ജൂൺ മുതൽ മാർച്ച് വരെ | SRG, PTA, വിജയോത്സവം | PTA, വിജയോത്സവം ഫണ്ട് , ശ്രദ്ധ ഫണ്ട് |
| ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നു. പൗര ബോധം വളർത്തുന്നു | ഓരോ മാസവും സയൻസുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് ക്ലബ്ബ് , എനർജി ക്ലബ് , അധ്യാപകർ, കുട്ടികൾ | PTA, കുട്ടികൾ |
| കുട്ടികൾക്ക് ശാസ്ത്ര വിഷയങ്ങളിൽ | ക്ലാസ് മുറികളിൽ സയൻസ് കോർണർ, സയൻസ് ലൈബ്രറി എന്നിവയുടെ | ജൂൺ മുതൽ | സയൻസ് ക്ലബ്ബ് , | PTA, കുട്ടികൾ |

| | | | | |
|---|---|---|---|---|
| ഉന്നത നിലവാരം കൈവരിക്കാനും മാനവികതയിൽ ഊന്നി ശാസ്ത്രബോധം വളർത്താനും സാധിക്കുന്നു, പൊതുവിജ്ഞാനം വളർത്തുന്നു | രൂപീകരണം | മാർച്ച് വരെ | എനർജി ക്ലബ് , അധ്യാപകർ,കുട്ടികൾ | |
| കുട്ടികൾക്ക് ശാസ്ത്ര വിഷയങ്ങളിൽ ഉള്ള താൽപര്യം, കൗതുകം, ജിജ്ഞാസ എന്നിവ പരിപോഷിപ്പിക്കൽ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുക | YIP<br>INSPIRE<br>SIM. innovation<br>Super 30 പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | വിവിധ ക്ലബ്ബുകൾ, PTA, കുട്ടികൾ | PTA |
| ശാസ്ത്ര അഭിരുചി ജിജ്ഞാസ, ശാസ്ത്ര കൗതുകം, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ശാസ്ത്ര ശില്പശാല സംഘടിപ്പിക്കൽ | ജനുവരി | സയൻസ് ക്ലബ്ബ് , എനർജി ക്ലബ് , അധ്യാപകർ | PTA |
| അനുഭവങ്ങളിലൂടെ ശാസ്ത്രം കുട്ടികളിലേക്ക് എത്തിക്കുക | ഫീൽഡ് ട്രിപ്പ് | സെപ്റ്റംബർ | സയൻസ് ക്ലബ്ബ് , എനർജി ക്ലബ് , അധ്യാപകർ | PTA കുട്ടികൾ |
| കുട്ടികളുടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുക | ശാസ്ത്രമേളകളിലെ പങ്കാളിത്തം ഉറപ്പ് വരുത്തുന്ന മറ്റു ക്ലബ്ബുകളെ കൂടി ഉൾപ്പെടുത്തിയുള്ള പ്രവർത്തനം | August- സെപ്റ്റംബർ | സയൻസ് ക്ലബ്ബ് , എനർജി ക്ലബ് , അധ്യാപകർ | PTA |
| പൗര ബോധം വളർത്തുന്നു.മാനവികതയിൽ ഊന്നി ശാസ്ത്രബോധം വളർത്തുന്നു | സയൻസ് ലാബ് നവീകരണം | ഡിസംബർ | സയൻസ് ക്ലബ്ബ് , എനർജി ക്ലബ് , മറ്റു ക്ലബ്ബുകൾ | SSK,PTA |

**ACADEMIC MASTER PLAN 2025 - 26**
**HEALTH & PHYSICAL EDUCATION**
**GHSS AZHCHAVATTAM**

| OBJECTIVIES | ACTIVITIES | PERIOD | INCHARGE | FINANCIAL/ ESTIMATE BUDGET |
|---|---|---|---|---|
| To participate the best players and achieve best result | Subrto cup team selection | June | Physical Education Tr | PTA 3000 |
| To form Basketball team , to achieve better results in competitions. | Renovation of basketball court. | July | Physical Education Tr PTA | PTA/ SPONSORS 60000 |
| Create interst in participating sports competition for alike girls | Preparation for school games (Registration, Team selection for different games) | July | Physical Education Tr | PTA/SSK 10000 |
| To prepare for sub district competition.<br>To learn to be disciplined.<br>To increase mental, physical,social health .<br>To have team spirit and sportsman spirit. | Special coaching for Handball, Basketball, and various games for girls & boys | August September October November | Physical Education Tr, Sports Club, PTA | PTA /SSK 10000 |
| To motivate children.<br>To understand the hard work of a sportsperson.<br>To understand the life experiences of a sportsperson. | Create an opportunity for students to interact with an International player or an Olympian. | December | Physical Education Tr, Sports Club | PTA 50000 |
| To inculcate in children the desire to become international players. | Sports Tour<br>To visit international stadiums of different states and watch national level and international level competitions | January | Physical Education Tr, Sports Club | PTA 200000 |
| To become a better player and acheive better success. For the best result in the next academic year. | Special coaching for different games under national level coaches. | February | Physical Education Tr, Sports Club | PTA 150000 |

ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഗണിതത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ കണ്ടെത്തൽ | പിറകിൽ നിന്ന് പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ. ക്ലാസിൽ ചെയ്യുന്ന ഗണിതക്രിയകൾ | ജൂൺ | ഗണിത അധ്യാപകർ | SSG |
| 2 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ചതുഷ്ക്രിയകൾ സംഖ്യാബോധം എന്നിവയിൽ മുൻനിരയിൽ എത്തിക്കൽ | മുന്നോട്ട് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ്സ് അധ്യാപകരും സമർത്ഥരായ കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകി പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ജൂലായ് മുതൽ ചൊവ്വ വ്യാഴം ദിവസ ങ്ങളിൽ | അധ്യാപകർ, പഠിപ്പിച്ച കൊടുക്കാൻ കഴിവുള്ള കുട്ടികൾ | SSG |
| 3 | ആധുനീക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ | ഡി.ജി മാത് സ് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഐ.ടി സാധ്യത ഉപയോഗിച്ച് കൂടുതൽ എളുപ്പത്തിൽ കുട്ടികളിൽ എത്തിക്കുന്നു | ആഗസ്റ്റ് മുതൽ മാസ ത്തിലൊ രിക്കൽ | ഗണിത അധ്യാപകർ | SSG |
| 4 | ഗണിത അഭിരുചി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ഗണിത ക്ലബ് രൂപീകരണം ശിൽപശാല പാഠഭാഗത്തിലുൾപ്പെട്ട തും അല്ലാത്തതുമായ | ജൂൺ മൂന്നാം വാരം | അധ്യാപകർ വിദഗ്ധർ | SSG |

| | | | | | |
|---|---|---|---|---|---|
| | | ജ്യാമിതയെ<br>പാറ്റേണുകൾ<br>ഉൾപ്പെടുത്തിയിട്ടുള്ള<br>പതിപ്പ് നിർമ്മാണം. | | | |

# മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 **ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന:** തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം:** ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്...........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |